പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1201 — 06.02.2020 ൽ മറുപടിക്ക്

# അതിവേഗ റെയിൽവേ പാത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | അതിവേഗ റെയിൽവേ പാതയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ സാഹചര്യത്തിൽ ഈ പദ്ധതിക്കായി വായ്പ ലഭ്യമാക്കുവാൻ ഏതെങ്കിലും വിദേശ ബാങ്കുകൾ/ ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായിയുള്ള മൂന്നും നാലും പാതകൾ / ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും, നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും.<br>റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയ്ക്കായി "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള (in-principle) അംഗീകാരം ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോക ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. 11 ജില്ലകളിൽകൂടി കടന്നു പോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 66,405 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പാതയുടെ ആകാശ സർവ്വേയും ട്രോപ്പിക്കൽ സർവ്വേയും പൂർത്തിയായിട്ടുണ്ടോ; അലൈന്റ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഇപ്പോൾ അംഗീകരിച്ച പദ്ധതി പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ എത്ര സ്റ്റോപ്പുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | | |
| (ഡി) | എന്നത്തേക്ക് പ്രസ്തുത പദ്ധതിയുടെ പണി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ